# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 128 27.02.2017- ൽ മറുപടിയ്ക്ക്

**പ്രവാസി പുനരധിവാസ പാക്കേജ്**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| | ശ്രീ. കെ.സി. ജോസഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | മുൻ സർക്കാർ പ്രഖ്യാപിച്ച പ്രവാസി പുനരധിവാസ പാക്കേജിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുമെന്ന കാര്യം വെളിപ്പെടുത്തുമോ; | എ) | പ്രവാസി പുനരധിവാസ പാക്കേജിൽ മാറ്റം വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| ബി) | പുനരധിവാസ പാക്കേജ് പ്രകാരം 2016 ജൂൺ ഒന്നിന് ശേഷം ബാങ്കുകളിൽ നിന്നും എത്ര പേർക്ക് സഹായം നല്കിയെന്ന് വെളിപ്പെടുത്തുമോ; സഹായമായി ആകെ എത്ര രൂപയാണ് ഈ കാലയളവിൽ നല്കിയതെന്ന് അറിയിക്കുമോ ; | ബി) | നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി പ്രകാരം വിവിധ ബാങ്കുകളിൽ നിന്നും ലോൺ അനുവദിച്ചിട്ടുള്ള 235 ഗുണഭോക്താക്കൾക്ക് മൂലധന സബ്സിഡിയായി 2016 ജൂൺ ഒന്നിന് ശേഷം 1,58,76,760 രൂപ നല്കിയിട്ടുണ്ട്. |
| സി) | പുനരധിവാസ പാക്കേജുമായി ഏതെല്ലാം ബാങ്കുകൾ ഇപ്പോൾ സഹകരിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | സി) | നിലവിൽ സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. |
| ഡി) | കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പാക്കേജ് പ്രകാരം ബാങ്ക് വായ്പയ്ക്ക് നോർക്ക എന്തെല്ലാം സഹായമാണ് നല്കുന്നതെന്ന് വെളിപ്പെടുത്തുമോ; | ഡി) | തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് |

(മറുപുറം)

പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്,സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നു. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) ആദ്യ നാലു വർഷം 3 % പലിശ സബ്സിഡിയും നല്കി വരുന്നു. ഈ പദ്ധതി പ്രകാരം അപേക്ഷകർ സമർപ്പിക്കുന്ന സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ബാങ്കുകൾ ലോൺ അനുവദിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച, ഓറിയന്റേഷൻ ട്രെയിനിംഗ് എന്നിവ നടത്തിയാണ് പദ്ധതി നടപ്പാക്കുന്നത് .

ഇ) 2015-16, 2016-2017 സാമ്പത്തിക വർഷം പുനരധിവാസ പാക്കേജ് പ്രകാരം എത്ര പേർക്ക് സഹായം നല്കിയെന്നും ബാങ്കുകൾ ഇപ്രകാരം എത്ര രൂപയാണ് വായ്പ നല്കിയതെന്നും വെളിപ്പെടുത്താമോ ?

ഇ) പുനരധിവാസ പാക്കേജ് പ്രകാരം 554 ഗുണഭോക്താക്കൾക്കായി 24,95,97,929/- രൂപ ബാങ്കുകൾ വായ്പ നല്കിയിട്ടുണ്ട്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വായ്പ തുക |
|---|---|---|
| 2015-16 | 246 | 10.48.34.160 |
| 2016-17 | 308 | 14.47.63.769 |

**സെക്ഷൻ ഓഫീസർ**